പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1155 — 03/12/2015 - ൽ മറുപടിയ്ക്ക്

**മലപ്പുറം ജില്ലയിലെ പുല്ലൂർ യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. ഉമ്മർ** | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഡി.പി.ഐ. യിൽ ഫയൽ നീക്കത്തിന് അനാവശ്യമായ കാലതാമസം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാന കാരണങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ചിട്ടുണ്ടോ ; | (ബി) ബാധകമല്ല |
| (സി) ഡി.പി.ഐ. യിൽ ഫയലിന്മേൽ നടപടി സ്വീകരിച്ച് തീർപ്പുകൽപ്പിക്കുന്ന കാര്യത്തിൽ സേവനാവകാശ നിയമവും ഫൈവ് ഡേ റൂൾ ഉൾപ്പെടെയുള്ള മറ്റ് പ്രസക്തമായ ചട്ടങ്ങളും ബാധകമാക്കിയിട്ടുണ്ടോ ;വിശദമാക്കുമോ ; | (സി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ മാന്വൽ ഓഫ് പ്രൊസീജർ(MOP) അനുസരിച്ചാണ് ഫയലുകൾ കൈകാര്യം ചെയ്തു വരുന്നത്. ആയതിനാൽ ഫൈവ്ഡേ റൂൾസ് ബാധകമാണ്. എന്നാൽ ഡയറക്ടറേറ്റിൽ കൈകാര്യ ചെയ്തു വരുന്ന എല്ലാ വിഷയങ്ങൾക്കും സേവനാവകാശ നിയമം ബാധകമാക്കിയിട്ടില്ല. എൽ.എസ്3/ 67625/ ഡി.പി.ഐ ഫയൽ സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തി തീർപ്പാക്കാൻ കഴിയുന്നതല്ല. എന്നാൽ സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കേണ്ട സ്കൂൾ അംഗീകാരത്തിനുള്ള പ്രൊപ്പോസൽ, CBSE/ICSE-NOC ലഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ എന്നിവ കൈകാര്യം ചെയ്യുതിനാൽ മുകളിൽ സൂചിപ്പിച്ച ഫയലിൽ ഫൈവ് ഡേ റൂൾസ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) മലപ്പുറം ജില്ലയിലെ പുല്ലൂർ യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് എൻ.എസ്.സെക്ഷനിലുള്ള 67625/ എൻ.എസ്.3/2015 നമ്പർ ഫയൽ ആരംഭിച്ച തീയതി എന്നാണെന്ന് വ്യക്തമാക്കുമോ ; | (ഡി) 19/09/2015 ലാണ് ഫയൽ ആരംഭിച്ചത്. |

(ഇ) 21.8.2015-ന് ലഭിച്ച തപാൽ സെക്ഷനിൽ നിന്നും ഫയലാക്കി നൽകിയത് എന്നാണ്; ഇതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

(ഇ) ഫയലാക്കി നല്കിയത് 19/09/2015-ൽ അൺ എയിഡഡ് സ്കൂളുകൾക്ക് അംഗീകാരം നല്കുന്നതിനുള്ള ഫയലുകളും , സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് NOC നൽകുന്ന ഫയലുകളും എൻ.എസ് സെക്ഷനിലെ എല്ലാ സെക്ഷൻ ക്ലാർക്കുമാരും സൂപ്രണ്ടും കൈകാര്യം ചെയ്തു വന്നതിനാൽ മറ്റു ചില ഫയലുകളിൽ ചെറിയതോതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. അംഗീകാരത്തിനുള്ള അപേക്ഷകൾ വളരെയധികം വരുന്നതിനാലും അവ സമയബന്ധിതമായി സമർപ്പിക്കേണ്ടിയിരുന്നതിനാലുമാണ് മറ്റ് ഫയലുകളിൽ കാലതാമസം നേരിട്ടിട്ടുള്ളത്.

എഫ്) പ്രസ്തുത ഫയൽ അത് കൈകാര്യം ചെയ്ത ഓരോ ഉദ്യോഗസ്ഥനും കൈവശം വച്ചിരുന്നത് എത്ര ദിവസം വീതമാണ് എന്ന് അറിയിക്കുമോ ; അനാവശ്യ കാലതാമസം വരുത്തിയ ഓരോ ഉദ്യോഗസ്ഥന്റേയും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ; പകർപ്പ് നൽകുമോ ;

(എഫ്) അനാവശ്യ കാലതാമസം ഉണ്ടായതായി കാണുന്നില്ല.

(ജി) 21.8.2015 മുതൽ 2015 നവംബർ 20 വരെ പ്രസ്തുത സീറ്റിൽ ആരംഭിച്ച ഫയലുകൾ എത്രയാണ്; അതിൽ 2015 നവംബർ 10 വരെ തീർപ്പാക്കി റിപ്പോർട്ട് നൽകിയ എത്ര കേസുകളുണ്ട് ; പുല്ലൂർ യു. പി. സ്കൂളിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട 67625/എൻ.എസ്.3/15-ാം നമ്പർ ഫയലിൽ തീർപ്പുകൽപ്പിച്ച് റിപ്പോർട്ട് നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ; നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്ന് അറിയിക്കുമോ ; വിശദാംശം നൽകുമോ ?

(ജി) 21.8.2015 മുതൽ 10/11/2015 വരെ എൻ.എസ്.3 സെക്ഷനിൽ ആരംഭിച്ച ഫയലുകൾ-173, തീർപ്പാക്കിയഫയലുകൾ-22. പുല്ലൂർ യു. പി. സ്കൂളിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട എൻ.എസ്.3/67625/ഡി.പി.ഐ- നമ്പർ ഫയലിന്മേൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും റിപ്പോർട്ട് വാങ്ങുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എസ്.3/67625/ഡി.പി.ഐ തീയതി 01/12/2015 കത്ത് പ്രകാരം, റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ